# പോലീസ് കേരളം വകുപ്പ്

**No. E1-5836/2023/KAWP**


കേരള സായുധ വനിത പോലീസ് ബറ്റാലിയൻ,
തിരുവനന്തപുരം
✉cmdtwpbn.pol@kerala.gov.in
☎0471-2704200


തീയതി. 23-09-2023

**ലേല പരസ്യം**

തിരുവനന്തപുരം മേനംകുളത്തുള്ള കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ ആസ്ഥാന പരിസരത്ത് കടപുഴകി വീണു കിടക്കുന്ന ഒരു അക്കേഷ്യ മരവും (മരം നം 26) അതിനു സമീപത്തായി സ്ഥിതി ചെയ്യുന്ന മറ്റു 7 അക്കേഷ്യ മരങ്ങളും **(മരം നം 23,24,25 ,31,33,34,(34 A & 34 B) 35 (35 A& 35 B)** ലേലം ചെയ്യുന്നതിനു ബന്ധപ്പെട്ട അധികാരികൾ അനുമതി നൽകിയിട്ടുള്ളതാണ്. ടി മരങ്ങളുടെ ലേലം 11/10/2023 തീയതി പകൽ 12 മണിയ്ക്ക് കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ ആസ്ഥാന പരിസരത്ത് വച്ച് ലേലം വഴി വില്പന നടത്തുന്നതാണ്.


ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിരത ദ്രവ്യമായി **616 രൂപ ( അറുനൂറ്റി പതിനാറു രൂപ മാത്രം)** കെട്ടി വച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലം പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ അവർ അടച്ച നിരത ദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും.

ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയ വ്യക്തി ( ലേലം കൊണ്ടയാൾ ) ലേല തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം ഒഴികെയുള്ള തുക ) ബറ്റാലിയൻ കാഷ്യർ കൈവശം അടച്ചു രസീത് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. ബാക്കി തുകയും ആകെ തുകയുടെ 5% വന വികസന നികുതിയും,വനവികസന നികുതി ഉൾപ്പടെ ആകെ തുകയുടെ 18% ചരക്ക് സേവന നികുതിയും ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തിയതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും മരം മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മരം മുറിച്ച് നീക്കുമ്പോൾ കെട്ടിടങ്ങൾക്കോ, മറ്റ് സ്ഥാവര ജംഗമ വസ്തുകൾക്കോ ഏതെങ്കിലും തരത്തിലുള്ള കഷ്ട നഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ആയതിൻറെ ഉത്തരവാദിത്തം ലേലം കൊണ്ടയാൾക്ക് മാത്രമായിരിക്കും.

ലേലം കൊണ്ടയാൾ വന വികസന നികുതി “406-01-101-96-00-FDT" എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 0101-250-020 ആയി ചെല്ലാൻ (Chelan) മുഖാന്തിരം സർക്കാർ ഖജനാവിൽ ഒടുക്കി ഒർജിനൽ ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും ടി. മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ, അധികാരമോ ഉണ്ടായിരിക്കുന്നതല്ല.

ലേലം നിശ്ചയിച്ചിരിക്കുന്ന മരങ്ങൾ ലേല തീയതിയ്ക്ക് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ വരെയുള്ള സമയങ്ങളിൽ ബറ്റാലിയൻ ഡ്യൂട്ടി ഓഫീസറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. പരിശോധനക്ക് വരുന്നവരും ലേലത്തിൽ പങ്കെടുക്കുന്നവരും സ്വന്തം തിരിച്ചറിയൽ രേഖ കൈവശം വക്കേണ്ടതും ആവശ്യമാകുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

കമാൻഡന്റ്, കേരള സായുധ വനിതാ പോലീസ് ബറ്റാലിയനു യാതൊരു മുന്നറിയിപ്പും കൂടാതെ ലേല നടപടികൾ നിർത്തിവക്കുന്നതിനു അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.



അബ്ദുൽ റഷീദ് എൻ IPS
കമാണ്ടൻറ്

സ്വീകർത്താവ് : 1. എ.ഡി .ജി പി ,എസ്.സി .ആർ ബി തിരുവനന്തപുരം അറിവിലേക്കും കേരള പോലീസിൻറെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിമായി (ആമുഖ പത്രം മുഖേന) 2.എല്ലാ ജില്ലാ പോലീസ് മേധാവി -മാർക്കും ബറ്റാലിയൻ കമാൻഡൻറ് -മാർക്കും അറിവിനും വേണ്ടത്ര പ്രചരണത്തിനുമായി 3.ലേല ബോർഡ് അംഗങ്ങൾക്ക് തുടർ നടപടിക്കായി 4. എ.സി /എല്ലാ ഒ.സി മാർക്കും /എസ്.ഐ (ക്യു.എം) കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ

അറിവിനും വേണ്ടത്ര പ്രചരണത്തിനുമായി 5.CA to CMT കേരള സായുധ വനിതാ പോലീസ് ബറ്റാലിയൻ അറിവിലേക്ക്

പകർപ്പ് : 1.സംസ്ഥാന പോലീസ് മേധാവി, കേരളം അറിവിലേക്ക് (ആമുഖ പത്രം മുഖേന) 2. എ.ഡി .ജി പി, എ പി ബറ്റാലിയൻ അറിവിലേക്ക് അറിവിലേക്ക് (ആമുഖ പത്രം മുഖേന)

Internal Administrative Processing System
iAPS
KERALA POLICE